(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40 ശതമാനം എങ്കിലും കാർഷിക വായ്പകളായി വിതരണം ചെയ്യുന്നതിന് ഓരോ ബാങ്ക് ഭരണ സമിതികളും പ്രത്യേക ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തിന്റെ കാർഷിക ഉത്പാദനവും, കാർഷിക വായ്പാ വിതരണവും കൂട്ടണമെന്നും ഇതിനായി പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കാർഷിക വായ്പ വിതരണം ചെയ്യാത്ത കാർഷിക വായ്പാ സഹകരണ സംഘങ്ങളെ കാർഷികേതര വായ്പാ സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകുകയും കേരള സഹകരണ നിയമത്തിൽ ആയത് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

(സി) പലിശരഹിത വായ്പാ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷത്തിൽ 30-9-2010 വരെ 52.19 കോടി രൂപ നെൽകൃഷിക്ക് വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കാർഷിക വായ്പ എഴുതിത്തള്ളുന്ന കേന്ദ്ര കടാശ്വാസ പദ്ധതി പ്രകാരം സഹകരണ സ്ഥാപനങ്ങൾ 1284.75 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്. ഇതിനുപുറമേ ആത്മഹത്യ ചെയ്ത കർഷകരുടെ 1.46 കോടി രൂപയുടെ കടങ്ങൾ സംസ്ഥാന സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം 33.55 കോടി രൂപയും വയനാട് ജില്ലയുടെ പ്രത്യേക പദ്ധതി പ്രകാരം 30-6-2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000 രൂപ വരെയുള്ള 14.38 കോടി രൂപയുടെയും കാർഷിക കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്.

സ്വകാര്യ ഏജൻസികൾ നടത്തുന്ന വിത്ത് ഉൽപ്പാദന കേന്ദ്രങ്ങളെ സംബന്ധിച്ച് അന്വേഷണം

30(*150) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജനിതകമാറ്റം' വരുത്തിയ ഏതെങ്കിലും വിത്തിനങ്ങൾ സംസ്ഥാനത്ത് എവിടെയെങ്കിലും രഹസ്യമായി കൃഷി ചെയ്യുന്നുണ്ടോ; എങ്കിൽ എവിടെയാണെന്നും ഏതൊക്കെ വിളകളാണെന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വിത്തിനങ്ങൾ കൃഷി ചെയ്യുന്നത് കണ്ടെത്തുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് കൃഷി വകുപ്പിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സ്വകാര്യ ഏജൻസികൾ വ്യാപകമായ തോതിൽ വിൽപ്പന നടത്തുന്ന വിത്തിനങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് അന്വേഷിക്കുമോ ;

(ഡി) വിവിധ കാർഷിക വിളകൾക്ക് വേണ്ടിയുള്ള വിത്ത് ഉൽപ്പാദനത്തെ കുറിച്ചും വിപണന-വിതരണ ശൃംഖലയെ സംബന്ധിച്ചും വ്യക്തമായ വിവരം ശേഖരിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) അട്ടപ്പാടിയിൽ ചിലയിടങ്ങളിൽ ബിടി കോട്ടൺ കൃഷി ചെയ്യുന്നതായി ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിത്തുൽപ്പാദനം, വിതരണം, സർട്ടിഫിക്കേഷൻ എന്നിവ നിയന്ത്രിക്കുന്നതിന് സംസ്ഥാന വിത്തു വികസന അതോറിറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം വിത്ത്, കൃഷിയിറക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്വകാര്യ ഏജൻസികൾ വിതരണം നടത്തുന്ന വിത്തിനങ്ങളുടെ ഗുണ നിലവാരം സംബന്ധിച്ച നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്തുന്നതാണ്. നിലവിൽ ബ്ലോക്കുതല അസിസ്റ്റന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർ (ക്വാളിറ്റി കൺട്രോൾ) എന്നിവർ സീഡ് ഇൻസ്പെക്ടർമാരായി പ്രവർത്തിച്ചു വരുന്നു. കൂടാതെ വിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മൂന്ന് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ഡി) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, കേരള, കേരള കാർഷിക സർവ്വകലാശാല എന്നീ സർക്കാർ സ്ഥാപനങ്ങൾ വിവിധ ഇനം വിത്തുകൾ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമേ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, ആന്ധ്രപ്രദേശ് സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളും കേരള സംസ്ഥാന വിത്തു വികസന അതോറിറ്റിയുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും വിത്തു വിതരണം നടത്തി വരുന്നുണ്ട്. വിപണന വിതരണ ശൃംഖലയെ സംബന്ധിച്ച് വിവരം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എല്ലാ സഹകരണ സംഘങ്ങളും കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ടിൽ ചേരണമെന്ന നിർദ്ദേശം

1 (964) ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും പുതിയതായി രൂപീകരിച്ച 'കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ടിൽ' ചേരണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly